(സി) 35 ലക്ഷം കുടുംബങ്ങളെയാണ് ഈ വർഷം പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ടിരുന്നത്.

(ഡി) 2010-11 വർഷം 18.74 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. 2011-12 വർഷം പദ്ധതിയിൽ പുതുതായി ചേരാനായി 19,00,019 ലക്ഷം കുടുംബങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരുടെ എന്റോൾമെന്റ് നടപടികൾ പുരോഗതിയിലാണ്. ഇതിൽനിന്നും ഇതുവരെ 4,13,206 കുടുംബങ്ങൾ പുതുതായി പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ഉൾപ്പെട്ട തൊഴിലാളികൾ

87 (1050) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ ബോർഡുകളിൽ പ്രവർത്തിക്കുന്ന ഏതൊക്കെ മേഖലകളിലെ തൊഴിലാളികളെ ഇതുവരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട് :

(ബി) അസംഘടിത മേഖലകളിൽ പ്രവർത്തിയെടുക്കുന്ന ഏതെല്ലാം മേഖലകളിലെ തൊഴിലാളികളെയാണ് ഇനിയും ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരേണ്ടത് എന്ന് വെളിപ്പെടുത്തുമോ :

(സി) ഇതിനായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യബന്ധനം, കയർ, കൈത്തറി, കാർഷികം, തയ്യൽ, ബീഡി നിർമ്മാണം, പനമ്പ്-ഈറ്റ-കാട്ടുവള്ളി, ലോട്ടറി, കള്ള് ചെത്ത്, കെട്ടിട നിർമ്മാണം, ചുമട്ടുതൊഴിലാളി, കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി, ചെറുകിടതോട്ടം തുടങ്ങിയ മേഖലകളിലെ തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളികളായിരുന്നു പെൻഷൻപറ്റിയവർ, ഇതര ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ ലഭിച്ചവരുടെ കുടുംബങ്ങൾ തുടങ്ങിയവരും പദ്ധതിയുടെ കീഴിൽ വന്നിട്ടുണ്ട്.

(ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളെയും ഇതിനകം തന്നെ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly